പ്രസിദ്ധീകരണത്തിന്

# ഉപഭോക്താക്കൾക്ക് വൻ ഇളവുകളുമായി ജല അതോറിറ്റി റവന്യു അദാലത്ത്

കൊച്ചി:- ജല അതോറിറ്റി ഉപഭോക്താക്കളുടെ വെള്ളക്കരം സംബന്ധിച്ച് പരാതികൾ തീർപ്പാക്കുന്നതിനായി മാർച്ച് മാസം നടക്കുന്ന ജല അതോറിറ്റി അദാലത്തിലേക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. അപേക്ഷകൾ സമർപ്പിക്കാനുളള അവസാന തീയതി ഫെബ്രുവരി 25 ആണ്. ലീക്ക് മൂലം അധിക വെള്ളക്കരം വന്ന ഉപഭോക്താക്കൾക്ക് ലീക്കാനുകൂല്യം, ഗാർഹീക, വ്യവസായീക ഉപഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ, റവന്യു റിക്കവറി നേരിടുന്ന ഉപഭോക്താക്കൾ, വെള്ളക്കരം സംബന്ധിച്ച് കേസ് നിലനിൽക്കുന്ന ഉപഭോക്താക്കൾ തുടങ്ങിയവർക്ക് അദാലത്തിൽ പങ്കെടുത്ത് പരാതികൾ തീർപ്പാക്കി ഇളവുകൾ നേടാം. അങ്കമാലി, കരിയാട്, പെരുമ്പാവൂർ, ആലുവ, പറവൂർ, ഞാറയ്ക്കൽ, കളമശ്ശേരി, പുത്തൻക്കുരിശ്ശ്, തൃപ്പൂണിത്തുറ, തൃക്കാക്കര, കലൂർ, പള്ളിമുക്ക്, വൈറ്റില, കരുവേലിപ്പടി എന്നീ വെള്ളക്കരം സ്വീകരിക്കുന്ന ഓഫീസുകളിലാണ് അപേക്ഷകൾ നൽകേണ്ടത്.

കൊച്ചി:-11
11.02.2020

സൂപ്രണ്ടിംഗ് എഞ്ചിനീയർ

സൂപ്രണ്ടിംഗ് എഞ്ചിനീയർ
കേരള ജല അതോറിറ്റി
പബ്ലിക് ഹെൽത്ത് സർക്കിൾ, കൊച്ചി-682011

Scanned by CamScanner